# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *44

09-02-2016-ൽ മറുപടിക്ക്

### കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ - സംയുക്ത സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ. എ.കെ.ബാലൻ<br>ശ്രീ. വി.ശിവൻകുട്ടി<br>പ്രൊഫ. സി.രവീന്ദ്രനാഥ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുക എന്ന മുൻ സർക്കാരിന്റെ നയം ഇപ്പോൾ തുടർന്നു വരുന്നുണ്ടോ ; ഈ രീതിയിലൂടെ നിലവിൽ വന്ന സംയുക്ത സംരംഭങ്ങൾ ഏതൊക്കെയായിരുന്നു ; | (എ) ഉണ്ട്. Transformers & Electricals Kerala Ltd, Steel Complex Ltd, Kerala Electrical & Allied Engg Co Ltd എന്നീ സ്ഥാപനങ്ങൾ യഥാക്രമം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ NTPC, സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡ്, ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് എന്നിവയുമായി നേരത്തെ തന്നെ ഏർപ്പെട്ടിട്ടുള്ള സംയുക്ത സംരംഭങ്ങളുടെ തുടർ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. |
| (ബി) പ്രസ്തുത സംയുക്ത സംരംഭങ്ങളുടെ വികസനത്തിനായി ലക്ഷ്യമിട്ടിരുന്ന കാര്യ പരിപാടികളുടെ തുടർ പ്രവർത്തനങ്ങൾ നടക്കുകയുണ്ടായോ ; | (ബി) • സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും, സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡും തമ്മിലുള്ള സംയുക്ത സംരംഭത്തിൻെറ [SAIL-SCL Kerala Ltd] ഭാഗമായി നടപ്പാക്കേണ്ടിയിരുന്ന സ്റ്റീൽ റോളിംഗ് മിൽ സ്ഥാപിക്കുന്നതിൽ കാലതാമസം നേരിട്ടുവെങ്കിലും സംസ്ഥാന സർക്കാർ, സെയിൽ, കാനറാബാങ്ക് എന്നിവയുടെ സാമ്പത്തിക സഹായത്തോടുകൂടി |

കോടിരൂപയുടെ സ്റ്റീൽ റോളിംഗ് മിൽ പദ്ധതി പൂർത്തിയായി ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്.

- TELK-NTPC യുമായി ചേർന്നുള്ള സംയുക്ത സംരംഭത്തിൻെറ ആദ്യഘട്ട ത്തിൽ മികച്ച പ്രവർത്തനം കാഴ്ച വെച്ചിരുന്ന കമ്പനിയ്ക്ക് തുടർന്നുള്ള വർഷങ്ങളിൽ പ്രതീക്ഷിച്ച പ്രവർത്തന മികവ് നേടാനായില്ല. സംയുക്ത സംരംഭ കരാർ പ്രകാരം ലക്ഷ്യമിട്ടിരുന്ന വികസന പ്രവർത്തനങ്ങൾ പൂർണ്ണ തോതിൽ നടപ്പിലാക്കുവാൻ കഴി യാത്തത് കമ്പനിയുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്.

- KEL BHEL യുമായി ചേർന്നുള്ള സംയുക്ത സംരംഭം [BHEL Electrical Machines Ltd] - ഭെല്ലും കെല്ലിൻെറ കാസർഗോഡ് യൂണിറ്റുമായി ചേർന്നുള്ള സംയുക്ത സംരംഭവും കരാർ പ്രകാര മുള്ള വികസന പദ്ധതികൾ പൂർണ്ണ തോതിൽ നടപ്പാക്കാത്തതിനാൽ വിഭാ വനം ചെയ്തിരുന്ന നേട്ടങ്ങൾ കൈവരി ക്കുവാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും മുഖ്യ ഓഹരി പങ്കാളിത്തമുള്ള ഭെല്ലിൻെറ സഹായത്തോടുകൂടി പ്രവർ ത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി കൾ സ്വീകരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും (KSIDC), കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും (SAIL), കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡും (KMML) ചേർന്ന് സംയുക്ത മേഖലയിൽ 3000 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്ന 10,000 ടൺ ഉൽപ്പാദനശേഷിയുള്ള ഒരു ടൈറ്റാനിയം സ്പോഞ്ച് പദ്ധതി നടപ്പാക്കുന്നതിനായി 2013 ഏപ്രിൽ മാസം 4-ാം തീയതി ഒരു ധാരണാപത്രം ഒപ്പുവച്ചിരുന്നു. തുടർന്ന് പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി മേൽപ്പറഞ്ഞ മൂന്ന് സ്ഥാപനങ്ങളുടെയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയും രൂപീകരിച്ചിരുന്നു. സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ പദ്ധതിയുടെ സാധ്യതാപഠന റിപ്പോർട്ട് മെക്കോൺ എന്ന സ്ഥാപനം മുഖേന നടത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റി പല തവണ കൂടുകയും പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നതിനായി സാങ്കേതികവിദ്യ തേടുന്നതിനുള്ള താൽപ്പര്യ പ്രകടനം (EoI) ക്ഷണിക്കുവാനുള്ള തീരുമാനമെടുക്കുകയും ചെയ്തു.

| | |
|---|---|
| **(സി)** ഈ സർക്കാർ കേന്ദ്ര സർക്കാരുമായി ചേർന്നുണ്ടാക്കിയ സംയുക്ത സംരംഭങ്ങൾ ഏതൊക്കെയാണ് ; | **(സി)** കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി പുതുതായി സംയുക്ത സംരംഭങ്ങൾ തുടങ്ങിയിട്ടില്ല. |
| | ആലപ്പുഴയിലെ കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് |

ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപണി വിപുലീകരിക്കുന്നതിനും, ആധുനികവത്ക്കരണത്തിനും വേണ്ടി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ HLL ലൈഫ് കെയർ ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭത്തിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

കെൽട്രോണും ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി ചേർന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാർ സ്ഥാപനമായ പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ഡി) സംയുക്ത സംരംഭങ്ങൾക്കായി സാധ്യതയുള്ള മേഖലകൾ ഇനിയും വികസിപ്പിക്കാൻ സാദ്ധ്യതയുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടക്കുന്നുണ്ടോ ; വിശദമാക്കാമോ ?

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമ്പോൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള സംയുക്ത സംരംഭം, സഹകരണം എന്നിവയുടെ സാധ്യതകൾക്ക് മുൻഗണന നൽകാറുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് പ്രത്യേകമായി പഠനം നടക്കുന്നില്ല.

സെക്ഷൻ ഓഫീസർ